# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1240** **04.02.2019 -ൽ മറുപടിയ്ക്ക്**

## സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുമെന്ന പ്രഖ്യാപനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) | ഉണ്ട്; സംസ്ഥാനത്ത് 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും അടച്ചുറപ്പും വൈദ്യുതി സൗകര്യവുമുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി. ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതിന് അടച്ചുറപ്പില്ലാത്ത ക്ലാസുകളിൽ പഠിക്കുന്ന (ഹൈടെക് ആക്കാൻ കഴിയാത്ത) കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് സ്കൂളുകൾ ആവശ്യപ്പെട്ട നിശ്ചിത എണ്ണം ലാപ് ടോപ്പ്, പ്രൊജക്ടർ എന്നിവയും നൽകിയിട്ടുണ്ട്. |
| ബി) | കുട്ടികളുടെ അഭിരുചിയും മികവും മനസ്സിലാക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ മിക്കപ്പോഴും പിന്തള്ളപ്പെടുന്ന ഇംഗ്ലീഷ് ഭാഷ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നിവയിൽ പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ; | ബി) | ഉണ്ട്, കുട്ടികളെ ഇംഗ്ലീഷ് ഭാഷാനൈപുണ്യമുള്ളവരാക്കി മാറ്റുന്നതിനായി 'സമഗ്ര ' ശിക്ഷയുടെ നേതൃത്വത്തിൽ 'ഹലോ ഇംഗ്ലീഷ് ' പദ്ധതി നടപ്പിലാക്കിവരുന്നു. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിന് സഹായകമാകുന്ന 'Know your learner', 'Teachers Journal', ' ലേണിംഗ് ഫെസ്റ്റ്', 'തീയേറ്റർ ക്യാമ്പ്', 'ഇംഗ്ലീഷ് അദ്ധ്യാപകരുടെ കൂട്ടായ്മ', 'ടീച്ചർ ടോക്ക്' രൂപീകരിക്കൽ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) | ഉന്നത നിലവാരത്തിലുള്ള മത്സര പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിന് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഹൈസ്കൂൾ തലത്തിൽത്തന്നെ സ്ഥിരം പാഠ്യവിഷയങ്ങൾക്ക് പുറമെയുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ; | സി) | സമപ്രായക്കാരായ ഏതു രാജ്യത്തിലെ കുട്ടികളോടും സംവദിക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി) | പൊതു വിദ്യാലയങ്ങളുടെ പ്രസക്തിയും ആവശ്യകതയും വീണ്ടെടുക്കുന്നതിന് പുതുതായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | പൊതുവിദ്യാലയങ്ങളുടെ പ്രസക്തിയും ആവശ്യകതയും വീണ്ടെടുക്കുന്ന തരത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന് ആവശ്യമായ അക്കാദമിക മാസ്റ്റർപ്ലാൻ എല്ലാ പൊതുവിദ്യാലയങ്ങളും തയ്യാറാക്കി അതിനനുസരിച്ച് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ആർജിച്ച കഴിവുകളും ശേഷികളും ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഉതകും വിധം പഠനോൽസവങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രവേശനോത്സവം വരെ നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ സ്കൂളുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ